## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3204 11.05.2017-ൽ മറുപടിക്ക്**

**ചെക്ക് പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ കർമ്മ പരിപാടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കൃഷ്ണൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| | 2006 ലെ എൽ.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കിയ അഴിമതിരഹിത വാളയാർ പോലെ ചെക്ക്പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ എന്തെങ്കിലും കർമ്മ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ? | | അഴിമതിരഹിത വാളയാർ പദ്ധതിയുടെ തുടർച്ചയായി സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ഈ പദ്ധതി നടപ്പിലാക്കുകയും ആയത് തുടർന്നു വരികയും ചെയ്യുന്നുണ്ട്. പ്രത്യേകം തെരഞ്ഞെടുത്ത ജീവനക്കാരെയാണ് ഇത്തരം ചെക്ക്പോസ്റ്റുകളിൽ നിയമിക്കുന്നത്. ഈ ജീവനക്കാരുടെ ഭക്ഷണം, താമസം തുടങ്ങിയ ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്. ഈ നടപടി ചെക്ക് പോസ്റ്റുകളിലെ അഴിമതി കുറയ്ക്കുന്നതിന് വളരെ സഹായകമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം സുഗമവും സുതാര്യവുമാക്കുന്നതിനായി പ്രധാന ചെക്കുപോസ്റ്റുകളിൽ CCTV ക്യാമറകൾ സ്ഥാപിച്ച്, വാഹന ഗതാഗതവും ജീവനക്കാരുടെ പ്രവർത്തനവും നിരീക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. സമ്പ്രദായം താമസിയാതെ നിലവിൽ വരുമ്പോൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം പുന:ക്രമീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ